കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊറ്റനാട് ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2018-19


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**

e-mail:lfadpta@gmail.com


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

**ഭരണഭാഷ-മാതൃഭാഷ**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട - 689 645

ഫോൺ: 0468 2223691

ഇ-മെയിൽ lfadpta@gmail.com


കെ.എസ്.എ.പിറ്റിഎ.പി7/202/2020

തീയതി: 10.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
കൊററനാട് ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: കൊററനാട് ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊററനാട് ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

കെ.എസ്.എ.പി.റ്റി.എ-പി7/202/2020 തീയതി:10/03/2020

**<u>പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 16.12.18 മുതൽ 23.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

**എ)<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | പി.കെ. വിജയലക്ഷ്മി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.02.2020 മുതൽ<br>06.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം | ശ്രീ. എൻ.പ്രദീപ്കുമാർ<br>ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഹരികുമാർ ബി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.അശ്വതി.വി.നായർ<br>ഓഡിറ്റർ |

**ബി)<u>നിർവ്വഹണാധികാരികൾ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എസ്.സുജാത | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ.എസ്.സതീഷ് ബാബു | 01.04.2018 മുതൽ 31.03.2019 വരെ |
| **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| അസി.സെക്രട്ടറി | 1.ശ്രീമതി.കെ.ജലീല ബീവി | 01.04.2018 മുതൽ 21.06.2018 വരെ |
| | 2. ശ്രീ.എം. ജനാർദ്ദനൻ നായർ | 22.06.2018 മുതൽ 31.03.2019 വരെ |
| അസി.എൻജിനീയർ | ശ്രീ. നിസാം എ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. അഗസ്റ്റിൻ ഫിഡാലിസ് പീറ്റർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. ലക്ഷ്മി.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. എ. കണ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.സെജു.പി.കുര്യാക്കോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ (ഗവ.എൽ.പി.എസ്) | ശ്രീ. സജീവ്. എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| എെ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സോണി.എസ്.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.വിദ്യ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊറ്റനാട്) | ശ്രീമതി.രഞ്ജിനി പി. വി | 01.04.2018 മുതൽ 03.11.2018 വരെ |
| | ശ്രീ. റിനമോൻ | 04.11.2018 മുതൽ 11.11.2018 വരെ |
| | ശ്രീ.ജിജേഷ് വി. സി | 12.11.2018 മുതൽ 02.01.2019 വരെ |
| | ശ്രീ. എബ്രഹാം പി. എസ് | 03.01.2019 മുതൽ 04.03.2019 വരെ |
| | ശ്രീ.ജിജേഷ് വി. സി | 05.03.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പെരുമ്പെട്ടി) | ശ്രീ.സുബിൻ എസ്. | 01.04.2018 മുതൽ 03.11.2018 വരെ |
| | ശ്രീ. റിനമോൻ (അധിക ചുമതല) | 04.11.2018 മുതൽ 11.11.2018 വരെ |
| | ശ്രീ.ജിജേഷ് വി.സി (അധിക ചുമതല) | 12.11.2018 മുതൽ 02.01.2019 വരെ |
| | ശ്രീ. എബ്രഹാം പി. എസ് (അധിക ചുമതല) | 03.01.2019 മുതൽ 04.03.2019 വരെ |
| | ശ്രീ.ജിജേഷ് വി. സി (അധിക ചുമതല) | 05.03.2019 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തനതുഫണ്ടിന്റെ സ്ഥിതി ആശങ്കാവഹം | 1-12 |
| 13 | ഓൺലൈൻ വസ്തുനികുതി – തുക ലഭ്യമാകുന്നതിന് കാലതാമസം | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-14 |
| 15 | ലൈസൻസ് സമയബന്ധിതമായി പുതുക്കുന്നില്ല | 1-15 |
| 16 | വാടകപിരിവുമായി ബന്ധപ്പെട്ട അപാകതകൾ | 1-16 |
| 17 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-17 |
| 18 | പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പാക്കുന്നില്ല | 1-18 |
| 19 | മുൻവർഷ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ – തുടർനടപടികൾ പൂർണ്ണമായില്ല | 1-19 |
| 20 | റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്യുന്നത് മാനദണ്ഡങ്ങൾ പാലിക്കാതെ | 1-20 |
| 21 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിലേറെയും ചെയ്യുന്നത് ജലക്ഷാമം രൂക്ഷമായ മാസങ്ങളിൽ | 1-21 |
| | | |

| | | |
|---|---|---|
| 22 | തൻവർഷത്തെ ഫണ്ടിൽ നിന്നും 24 ലക്ഷം രൂപ സ്പിൽ ഓവർ പ്രവൃത്തികൾക്ക് വിനിയോഗിച്ചു | 1-22 |
| 23 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- മുഴുവൻ തുകയും നൽകിയില്ല | 1-23 |
| 24 | വാർഷിക പദ്ധതിയിൽ കാർഷിക മേഖലയെ അവഗണിക്കുന്നു | 1-24 |
| 25 | കുടിവെള്ളക്ഷാമം അതിരൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല | 1-25 |
| 26 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് - തനതുഫണ്ട് ചോർത്തുന്നു | 1-26 |
| 27 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-27 |
| 28 | അഗതിരഹിതകേരളം – പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ വീഴ്ച | 1-28 |
| 29 | ഹരിതകർമ്മസേന – പ്രവർത്തനങ്ങൾ ആരംഭിച്ചില്ല | 1-29 |
| 30 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-30 |
| | **ഭാഗം 2** | |
| 31 | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | - ഇല്ല - | |
| | **ഭാഗം 3** | |
| 32 | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | - ഇല്ല - | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 33 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 34 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 37 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 38 | സ്ഥിര നിക്ഷേപം | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 41 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റിയുടെ 7.03.2018 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 08.02.2019 തീയതിയിലെ I(2)-ാംനമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 16.07.2019 | ഇല്ല | ബാധകമല്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2955655 |
| വരവ് | 49057841 |
| ആകെ | 52013496 |
| ചെലവ് | 45584338 |
| നീക്കിയിരിപ്പ് | 6429158 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 9702227 | 9702227 | 8864281 | 837946 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4497000 | 4497000 | 3587085 | 909915 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 84000 | 84000 | 0 | 84000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7730000 | 7730000 | 7676519 | 53481 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 1757804 | 1022196 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 6148793 | 6148793 | 4510000 | 1638793 |
| ട്രഷറി തനത് ഫണ്ട് | | 481276 | 8637849 | 9119125 | 5427923 | 3691202 |
| എസ്.ബി.ഐ, ഇ-പേയ്മെന്റ് | | 25890 | 26040 | 51930 | 0 | 51930 |
| PDCB ചാലാപ്പള്ളി (A/c No-01) | | 2056704 | 9051124 | 11107828 | 9600077 | 1507751 |
| SCB, കൊറ്റനാട് (A/c No-1591) | | 24294 | 49755 | 74049 | 0 | 74049 |
| IOB -തനത് ഫണ്ട് (പെൻഷൻ) | | 125179 | 736218 | 861397 | 37824 | 823573 |
| ട്രഷറി സംയുക്ത പദ്ധതി | | 72 | 3525055 | 3525127 | 3523654 | 1473 |
| SBI ലൈഫ് മിഷൻ | | 0 | 682203 | 682203 | 680299 | 1904 |
| SCB, കൊറ്റനാട്, സാക്ഷരത | | 190860 | 76690 | 267550 | 67560 | 199990 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 11383373 | 11383373 | 11383373 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 1115 | 323173 | 324288 | 321189 | 3099 |
| ബി-ഫണ്ട് | | 0 | 38640 | 38640 | 38640 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 52785804 | 98 | 33989545 | 0 | 38 | 72 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1115 | 323173 | 324288 | 321189 | 3099 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11383373 | 11383373 | 11383373 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8640 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 1290100 | 428 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 4963400 | 1605 |
| വാർദ്ധക്യകാലപെൻഷൻ | 14170100 | 4299 |
| വികലാംഗപെൻഷൻ | 1764300 | 555 |
| അൻപത് വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 271000 | 95 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2020-ന് 11.45 am-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32974 (മുപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി എഴുപത്തിനാല്) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. തനതുഫണ്ടിന്റെ സ്ഥിതി ആശങ്കാജനകമാണ്. ഈയിനത്തിൽ ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് (-) 63 ലക്ഷമാണ്. പൂരക പോഷകാഹാര പദ്ധതിക്കായി ലഭിച്ച കേന്ദ്രവിഹിതവും ശുചിത്വമിഷൻ ഫണ്ടും തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ച് വകമാറ്റിച്ചെലവഴിച്ച് വരുന്നത് അനഭിലഷണീയമാണ്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും, പദ്ധതികൾക്ക് തനതുഫണ്ട് വകയിരുത്തുന്നത് ഒഴിവാക്കി മറ്റ് ഫണ്ടുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് 2017-18 ൽ തുക കെ.എസ്.ഇ.ബി -യിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചില്ല. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ വൻതുക പാഴാകുമ്പോഴും മീറ്ററിംഗ് പൂർത്തീകരിക്കുന്നതിനുള്ള നിയമപരമായ തുടർനടപടി പഞ്ചായത്ത് സ്വീകരിക്കുന്നില്ല.

3. പ്രവർത്തിക്കാത്ത കുടിവെള്ള പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ അതനുസരിച്ച് കുടിവെള്ളക്കരം ശാസ്ത്രീയമായി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ ലക്ഷങ്ങളാണ് ഈയിനത്തിൽ പാഴാകുന്നത്.

4. കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ, സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ എന്നീയിനങ്ങളിൽ വിവിധ നിർവ്വഹണ ഏജൻസികൾക്ക് വൻതുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും അവയുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല.

മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.11.2019 | 04/19 മുതൽ 10/19 വരെ | 06.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.06.2018 | 2013-14 മുതൽ 2017-18 വരെ | 06.09.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ ബാക്കി നിൽക്കുന്ന അപാകതകൾ

1. ഷെഡ്യൂൾ ബി-3 : വിവിധ ഫണ്ടുകളിൽ നിന്ന് ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക പൂർണ്ണമായും ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല. ടി തുകകൾ റവന്യൂ ചെലവിനത്തിൽ കാണിച്ചിരിക്കുന്നു.
2. ഷെഡ്യൂൾ ബി-4 : Grants,Funds & Contributions For Specific Purpose - Other Govt. Agencies എന്ന ഹെഡ്ഡിലെ തുക 2017-18 വാർഷിക ധനകാര്യപത്രികയിലെ ബി-4 , 2018-19 ലെ RP-31 എന്നിവയുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല. ടി ഹെഡ്ഡിൽ I-6 ൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.
3. ഷെഡ്യൂൾ ബി-7: മൂന്നു വർഷത്തിലധികമായ ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.
4. ഷെഡ്യൂൾ ബി-11(എ) : അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 136/18-19 പദ്ധതിയിൽ 305912 രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. ടി തുക ബി-11(എ) - ൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ഷെഡ്യൂൾ ബി-15 : വസ്തുനികുതി ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
6. ഷെഡ്യൂൾ ബി-16 : KURDFC ലോൺ തുക ബി-16 ൽ ഉൾപ്പെടുത്തിയിട്ടില്ല.
7. ഷെഡ്യൂൾ ഐ-6 : ആസ്തികൾ സൃഷ്ടിക്കുന്നതിനു വേണ്ടി ചെലവഴിച്ച തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.
8. ഷെഡ്യൂൾ ആർ.പി.-7 : താഴെപ്പറയുന്ന ഇനങ്ങളിൽ ആർ.പി.-7, എ.സി.ആർ എന്നിവ പ്രകാരമുള്ള തുകകളിൽ വ്യത്യാസം ഉണ്ട്.

| | വികസനഫണ്ട് - ജനറൽ | വികസനഫണ്ട് -എസ്.സി,പി | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | മെയിന്റനൻസ്- നോൺ റോഡ് | ജനറൽ പർപ്പസ് ഫണ്ട് |
|---|---|---|---|---|---|
| ആർ.പി.-7 | 8864281 | 3587085 | 4510000 | 1757804 | 5932555 |
| എ.സി.ആർ | 8923031 | 3612085 | 4810030 | 2384544 | 843357 |

9. ഷെഡ്യൂൾ ആർ.പി.-38 : ഫിക്സഡ് അസറ്റ് ഇനത്തിൽ 14690455 തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിലേക്ക് മാറ്റിയിട്ടില്ല.

10. ഷെഡ്യൂൾ ആർ.പി.-45 : KURDFC ലോൺ തുകയിലെ ചെലവ് Prepaid Programme Expense (440500101) എന്ന ഹെഡ്ഡിൽ ആർ.പി.45 ൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

## 1-12 തനത് ഫണ്ടിന്റെ സ്ഥിതി ആശങ്കാവഹം

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (നികുതി/നികുതിയേതര വരവുകൾ) എസ്റ്റാബ്ലിഷ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. നികുതി/നികുതിയേതര ഇനത്തിൽ തൻവർഷ വരവ് 42.06 ലക്ഷം രൂപയും എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ്/ഓപ്പറേഷൻസ് & മെയിന്റനൻസ് ഇനങ്ങളിലുള്ള ചെലവ് 1.05 കോടി രൂപയുമാണ്.

പൊതു ആവശ്യ ഗ്രാന്റായി പഞ്ചായത്തിന് തൻവർഷം 5932555 രൂപ ലഭിക്കുകയുണ്ടായി. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്.

ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ തനത് വരവ് -ചിലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.(Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി (-)62.98ലക്ഷം രൂപയാണ്.

| വരവിനം | തുക | ചെലവിനം | തുക |
|---|---|---|---|
| നികുതി വരുമാനം | 3390487 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 8282452 |
| നികുതിയേതരം | 815735 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 753359 |
| | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 1468080 |
| | | ബാങ്ക് ചാർജ്ജസ് | 972 |
| **ആകെ** | 4206222 | **ആകെ** | 10504863 |
| | | **കമ്മി** | **(-)6298641** |

പൂരക പോഷകാഹാര പദ്ധതിയ്ക്കായി ലഭിച്ച സെൻട്രൽ ഷെയർ 1018755 രൂപ, ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 2141290 രൂപ, കാലാവസ്ഥാ വ്യതിയാന പരിസ്ഥിതി വകുപ്പിൽ നിന്നും ലഭിച്ച സ്പെഷ്യൽ ഫണ്ട് 250000, കേരളോത്സവത്തിന് ലഭിച്ച 20000 രൂപ എന്നിവ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് വകമാറ്റി ചെലവഴിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ പരിതാപകരമായ സാമ്പത്തിക സ്ഥിതി പരിഗണിച്ച് നികുതി നികുതിയേതര വരുമാനം പരമാവധി പിരിച്ചെടുക്കുന്നതിനും ചെലവുകൾ നിയന്ത്രിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം

വസ്തുനികുതി ഓൺലൈനായി അടയ്ക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, വൃന്ദാവനം ശാഖയിൽ 37258528885 നമ്പരായി ഗ്രാമപഞ്ചായത്ത് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ സഞ്ചയാ ഓൺലൈൻ സോഫ്റ്റ്‌വെയറിൽ ടി വിവരം അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഓൺലൈനായി ഒടുക്കിയ ഈ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|
| 04.08.2018 | 2079 | 14.08.2018 |
| 15.12.2018 | 600 | 27.12.2018 |
| 28.01.2019 | 1927 | 19.02.2019 |
| 02.02.2019 | 3319 | 19.02.2019 |
| 17.02.2019 | 1168 | 08.03.2019 |

ഈ സാങ്കേതിക പിഴവ് മൂലം സാംഖ്യയിലെ വസ്തുനികുതി കണക്കുകളും സഞ്ചയയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. 18.03.2019 മുതൽ 31.03.2019 വരെയുള്ള തീയതികളിൽ ഇപ്രകാരം അടവാക്കിയ തുകകൾ 2019-20 സാമ്പത്തിക വർഷത്തിലാണ് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭ്യമായത്. ഇപ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ട തുക യഥാസമയം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി നിരക്ക് ച.മീറ്ററിന് 400 രൂപയും കൂടിയത് 500 രൂപയുമാണ്. ഇതനുസരിച്ച് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും എല്ലാ ടവർ ഉടമകളിൽ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 7 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറുകളുടെ വിവരം | വാർഡ് നം./ കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ) | നികുതി തുക(രൂ) | നികുതി ഈടാക്കാത്തതിന്റെ വിവരം (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം) |
|---|---|---|---|---|---|
| 1 | വോഡാഫോൺ | 2/43 | 89.46 | 375732 | 2013 മുതൽ ഈടാക്കിയിട്ടില്ല |
| 2 | ഇൻഡസ് | 7/306 | 85.2 | 328020 | 2013 മുതൽ ഈടാക്കിയിട്ടില്ല |
| 3 | ബി.എസ്.എൻ.എൽ | 9/395 | 14 | 53942 | 2013 മുതൽ ഈടാക്കിയിട്ടില്ല |
| 4 | ബി.എസ്.എൻ.എൽ | 13/144A | 10.98 | 46144 | 2013 മുതൽ ഈടാക്കിയിട്ടില്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/06.03.2020) ക്രമ നമ്പർ ഒന്ന് മുതൽ മൂന്ന് വരെയുള്ളവ പ്രോസിക്യൂഷൻ നടപടികളിലും ക്രമ നമ്പർ നാല് ആർ.ആർ നടപടികളിലുമാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-15 ലൈസൻസ് സമയബന്ധിതമായി പുതുക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കാനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 ൽ 153 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇവയിൽ നിശ്ചിത സമയത്തിനുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുള്ളത് 56 സ്ഥാപനങ്ങൾ മാത്രമാണ്. 01.04.2018 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 വാടക പിരിവുമായി ബന്ധപ്പെട്ട അപാകതകൾ

1.വാടകക്കാരുമായി നിയമാനുസൃതം കരാർ ചമയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം വാടക പിരിവുമായി ബന്ധപ്പെട്ട കരാറുകൾ ചമയ്ക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, വനിതാ വിപണനകേന്ദ്രം എന്നിവിടങ്ങളിലായി 7 കടമുറികളാണ് തൻവർഷം വാടകയ്ക്ക് നൽകിയിട്ടുള്ളത്. മുൻവർഷ വാടകക്കാർക്ക് തന്നെ വാടകനിരക്കിൽ 5% വർദ്ധനവ് വരുത്തി തൻവർഷവും നൽകുകയാണ് ചെയ്തിട്ടുള്ളത്. വാടകക്കാരിൽ നിന്നും 200 രൂപയുടെ മുദ്രപ്പത്രം കരാർ വ്യവസ്ഥകൾ രേഖപ്പെടുത്താതെ ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007 തീയതിയിലെ സർക്കുലർ (നം.എച്ച് 1-13880/06) പ്രകാരം പഞ്ചായത്ത് കരാറിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ട നടപടികൾ വിശദമാക്കിയിട്ടുണ്ട്. ആയതുപ്രകാരം വാടകക്കാരുമായി വിശദവും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതും കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്. ടി വിഷയത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2.വാടകക്കാരിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ തൻവർഷത്തെ വാടക ഈടാക്കിയപ്പോൾ വാടകയിന്മേൽ ജി.എസ്.റ്റി. ഈടാക്കിയിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകിയിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് 01.07.2017 മുതൽ ജി.എസ്.ടി. ബാധകമാക്കിയിട്ടുണ്ട് (01.11.2017-ലെ സ.ഉ.(അച്ചടി)നം.87/2017/തസ്വഭവ നമ്പർ ഉത്തരവ്). ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 16/06.03.2020) ലഭ്യമാക്കിയ മറുപടിയിൽ 2018-19 വർഷം ജി.എസ്.ടി ഈടാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈടാക്കാനുള്ള ജി.എസ്.ടി. തുക കണക്കാക്കി വാടകക്കാരിൽ നിന്നും ഈടാക്കേണ്ടതും ആയത് സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-17 തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം തൊഴിൽ നികുതി (സ്ഥാപനങ്ങൾ, വ്യാപാരികൾ) ഇനത്തിൽ മുൻവർഷ കുടിശ്ശികയായി 12500 രൂപയും തൻവർഷ കുടിശ്ശികയായി 2500 രൂപയും ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/06.03.2020) മറുപടിയായി ചാലാപ്പള്ളി സപ്ലൈകോ മാവേലി സ്റ്റോറിന്റെ നികുതിയാണ് ഈടാക്കാൻ അവശേഷിക്കുന്നതെന്നും ഈ തുക ഈടാക്കുന്നതിനായി സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പായില്ല

പഞ്ചായത്ത് ഭരണസമിതി ചുവടെ പറയുംപ്രകാരം എടുത്ത തീരുമാനങ്ങളിലെ നിർദ്ദേശങ്ങൾ ഇപ്പോഴും നടപ്പായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനത്തിന്റെ വിവരം | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ജി.എൽ.പി.എസ് പെരുമ്പെട്ടി സ്കൂളിന് മതിൽ നിർമ്മാണം, 105 -ാം നമ്പർ അംഗൻവാടിക്കെട്ടിട നിർമ്മാണം എന്നിവ 2018-19 ലെ വാർഷിക പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചു.<br>(3.5.18 ലെ 1(8) നമ്പർ തീരുമാനം) | സ്കൂളിന് മതിൽ നിർമ്മാണത്തിന് 2018-19 ൽ പദ്ധതി ഏറ്റെടുത്തെങ്കിലും നടപ്പാക്കിയില്ല. അംഗൻവാടിക്കെട്ടിടത്തിന് 2018-19 ൽ പദ്ധതി ഏറ്റെടുത്തില്ല |
| 2 | പഞ്ചായത്തിൽ നിലവിലുള്ളതും മുൻകാലങ്ങളിൽ MLA ഫണ്ട്, പഞ്ചായത്ത് ഫണ്ട് തുടങ്ങിയവ വകയിരുത്തി പണി നടത്തിയിട്ടുള്ളതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയതുമായ റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.<br><br>1. പൂശനാട്ട് പടി - മണ്ണാത്തിക്കുഴി- പുതുക്കടിമുക്ക് റോഡ് (വാർഡ് 5)<br>2. ചെറുതോൺ- മണ്ണാത്തിക്കുഴി - പുതുക്കടിമുക്ക് റോഡ് (വാർഡ് 5)<br>3. മന്ദിരം - കിഴക്കനാൽപ്പടി നടപ്പാത (വാർഡ് 5)<br>4. കാലായിൽപ്പടി - ചാലാപ്പള്ളി റോഡ് (വാർഡ് 12) | റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല |

| | | |
|---|---|---|
| | (27.9.18 ലെ 1(11) നമ്പർ തീരുമാനം) | |
| 3 | ഗ്രാമപ്പഞ്ചായത്തിൽ ലഭിച്ച ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ പുതുതായി എടുക്കുന്നതിന് തീരുമാനിച്ചു<br>1. പന്നക്കപ്പത്തൽ സാംസ്കാരിക നിലയം കമ്മ്യൂണിറ്റി ടോയ് ലറ്റ് (അടങ്കൽ 450000 )<br>2. പുള്ളോലി സാംസ്കാരിക നിലയം കമ്മ്യൂണിറ്റി ടോയ് ലറ്റ്<br>(അടങ്കൽ 450000 )<br>3. MCF കെട്ടിടത്തിന് സൗകര്യമൊരുക്കൽ ( അടങ്കൽ 100000)<br>4. പൊതുസ്ഥാപനങ്ങൾക്ക് ബയോകമ്പോസ്റ്റ് യൂണിറ്റുകൾ<br>(അടങ്കൽ 300000)<br>(12.10.18 ലെ 1(16) നമ്പർ തീരുമാനം) | പ്രവൃത്തികൾ 2018-19 ൽ ഏറ്റെടുത്തിട്ടില്ല. |
| 4 | പൊതുടോയ് ലറ്റിന് 2 സ്ഥലങ്ങളിലും അനുയോജ്യമായ സ്ഥലം ലഭിക്കാഞ്ഞതിനാൽ ശുചിത്വ മിഷൻ ഫണ്ട് ( 12 ലക്ഷം രൂപ) ഉപയോഗിച്ച് പി.എച്ച്.സി കോമ്പൗണ്ടിൽ MCF ന് പുതിയ കെട്ടിട നിർമ്മാണത്തിന് തീരുമാനിച്ചു<br>(3.11.18 ലെ 2(2) നമ്പർ തീരുമാനം) | പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ടെണ്ടർ സമർപ്പിച്ചില്ല. പ്രവൃത്തി ഇതേവരെ ആരംഭിക്കാനായില്ല. |
| 5 | അംഗൻവാടികളുടെ അറ്റകുറ്റപ്പണിക്കായി സാമൂഹിക നീതി വകുപ്പ് 2 ലക്ഷം രൂപ അനുവദിച്ചത് 109, 107 നമ്പർ അംഗൻവാടികളുടെ മെയിന്റനൻസിന് വിനിയോഗിക്കുന്നതിന് തീരുമാനിച്ചു<br>(11.1.19 ലെ 2(3) നമ്പർ തീരുമാനം) | അസി.എഞ്ചിനീയർ എസ്റ്റിമേറ്റ് എടുത്ത് സാമൂഹിക നീതി വകുപ്പിന് നൽകിയെങ്കിലും ഇതേവരെ ഫണ്ട് ലഭിച്ചില്ല. |
| 6 | കരാർ കാലാവധി കഴിഞ്ഞിട്ടും പൊതുമരാമത്ത് പ്രവൃത്തികൾ ആരംഭിക്കാത്തത് കമ്മിറ്റി ചർച്ച ചെയ്തു. അത്തരം കരാറുകാരെ ഒഴിവാക്കണമെന്ന് കമ്മിറ്റി അംഗങ്ങൾ അഭിപ്രായപ്പെട്ടു.<br>(1.2.19 ലെ 1(2) നമ്പർ തീരുമാനം) | പ്രവൃത്തികൾ<br>യഥാസമയം നടപ്പാക്കാഞ്ഞിട്ടും കരാറുകൾ ഒന്നും തന്നെ റദ്ദ് ചെയ്തില്ല |
| 7 | ഗ്രാമപ്പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള പെർഫോമൻസ് ബേസിസ് ഇൻസെന്റീവ് ഗ്രാന്റ് തുകയായ 527816 രൂപ വകയിരുത്തി താഴെപ്പറയുന്ന ആക്ഷൻപ്ലാനിന് അംഗീകാരം നൽകി തീരുമാനിച്ചു. ആക്ഷൻ പ്ലാനിന് അംഗീകാരം നൽകണമെന്ന് ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്ററോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു.<br>1) ജി.എൽ.പി.എസ് പെരുമ്പെട്ടി ടോയ് ലറ്റ് നിർമ്മാണം - 277816 രൂപ<br>2) ജി.എൽ.പി.എസ് വലിയകുന്നം, വെള്ളയിൽ ടോയ് ലറ്റ് നിർമ്മാണം - 250000 | |

| | | |
|---|---|---|
| | രൂപ<br>(1.2.19 ലെ 2(1) നമ്പർ തീരുമാനം) | |

മേൽസൂചിപ്പിച്ച തീരുമാനങ്ങൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി നൽകിയ നിർദ്ദേശങ്ങൾ/ തീരുമാനങ്ങൾ എന്നിവയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും നടപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 മുൻവർഷ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ - തുടർനടപടികൾ പൂർണ്ണമായില്ല

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 വർഷത്തെ റിപ്പോർട്ടിൽ സൂചിപ്പിച്ച ചുവടെ പറയുന്ന അപാകതകൾ പരിഹരിക്കുന്നതിനായുള്ള തുടർനടപടികൾ പൂർണ്ണമായില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. കുരിശുമുട്ടം 119-ം നമ്പർ അംഗൻവാടിയുടെ മെയിന്റനൻസിന് 2014-15 ൽ ശ്രീ.സുരേഷ് കുമാർ ഗുണഭോക്തൃസമിതി കൺവീനർ ആയി 26.3.15 ൽ എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവൃത്തി ഏൽപിച്ചിരുന്നു. 2 കതകിന് ഷട്ടർ ഇടുക, തറ ടൈൽ ഇടുക, ഒന്നാം നിലയിൽ ട്രസ്സ് വർക്ക്, Bricks Work, MS Grill സ്ഥാപിക്കൽ, സ്റ്റീൽ സ്റ്റെയർ നിർമ്മാണം, പി.വി.സി കതക് സ്ഥാപിക്കൽ എന്നീ ഇനങ്ങളായിരുന്നു എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. അംഗൻവാടിയുടെ മുകൾഭാഗം മീറ്റിംഗുകൾ മുതലായവ സംഘടിപ്പിക്കുന്നതിനുള്ള ഹാൾ ആക്കുന്നതിനായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എം.ബുക്ക് 171/14-15 പ്രകാരം ജി.ഐ പൈപ്പ് , ജി.ഐ. ഷീറ്റ് എന്നിവ ഉപയോഗിച്ചുള്ള ട്രസ്സ് വർക്ക്, സ്റ്റീൽ സ്റ്റെയർ നിർമ്മാണം എന്നിവ മാത്രം ചെയ്ത് 92731 രൂപയുടെ പാർട്ട് ബിൽ തുക കൺവീനർക്ക് നൽകിയിട്ടുണ്ട്. 2017-18 ൽ ബാക്കി പ്രവൃത്തികൾ ചെയ്തിരുന്നില്ല. പ്രവൃത്തി 2018-19 ൽ സ്പിൽ ഓവർ ആയി ഏറ്റെടുത്തെങ്കിലും നടപ്പാക്കാതെയും 2019-20 ൽ ഏറ്റെടുക്കാതെയും ഉപേക്ഷിക്കുകയാണുണ്ടായത്. ബാക്കി പ്രവൃത്തികൾ ചെയ്യാതെ പദ്ധതി ഉപേക്ഷിക്കാനുണ്ടായ കാരണം സംബന്ധിച്ച് 4.3.2020 ൽ 7-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

2. മാത്തുംചാൽ പി.എച്ച്.സിയുടെ ഓ.പി കെട്ടിടനിർമ്മാണത്തിന് ഏറ്റെടുത്ത പദ്ധതി (SO146/18) പ്രകാരം 2017-18 ൽ 1096219 രൂപ ചെലവഴിച്ചിരുന്നു. കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ പ്ലമ്പിംഗിനും ഇലക്ട്രിഫിക്കേഷനും ഇനങ്ങൾ ഉൾപ്പെടുത്തുകയോ തുക വകയിരുത്തുകയോ ചെയ്തിരുന്നില്ല. ബാക്കി പ്രവൃത്തികൾ 2018-19 ലും ചെയ്തിട്ടില്ല.2019-20 ൽ പദ്ധതി ഏറ്റെടുത്തിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7 തീയതി 4.3.2020) മറുപടി ലഭിച്ചില്ല.

മേൽസൂചിപ്പിച്ച അംഗൻവാടിയുടെയും പി.എച്ച്.സി-യുടെയും ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ചെയ്ത പ്രവൃത്തികൾ- മാനദണ്ഡം

## പാലിച്ചില്ല

ഗ്രാമപ്പഞ്ചായത്തിന് കൈമാറിക്കിട്ടിയ റോഡുകളിൽ നിലവിൽ അറ്റകുറ്റപ്പണികൾ ആവശ്യമില്ല എന്ന് 5.12.18 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി 1(2) നമ്പർ ആയി ഐകകണ്ഠേന തീരുമാനം എടുത്തിരുന്നു. ഇക്കാര്യം സംബന്ധിച്ച് ഭൗതികപരിശോധന നടത്തുന്നത് ഉചിതമാണെന്ന് സെക്രട്ടറി കമ്മിറ്റിയോട് അഭിപ്രായപ്പെട്ടു. എന്നാൽ പ്രസ്തുത അഭിപ്രായം കമ്മിറ്റി പരിഗണിക്കുകയുണ്ടായില്ല എന്ന് ടി തീരുമാനത്തിൽ നിന്നും വ്യക്തമാണ്. അതിനുപകരം, റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്നതിന് കമ്മിറ്റി ഐകകണ്ഠേന തീരുമാനം എടുക്കുകയാണ് ചെയ്തത്. കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയർ വിയോജനം രേഖപ്പെടുത്തിയിട്ടുമില്ല.

2018-19 ൽ റോഡ് മെയിന്റനൻസിന് പ്രവൃത്തികൾ ഉണ്ടോയെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന ഭൗതിക പരിശോധന നടത്താതെ റോഡ് കോൺക്രീറ്റിംഗിന് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. മാനദണ്ഡങ്ങൾ പാലിച്ച് മാത്രം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിലേറെയും ചെയ്യുന്നത് ജലക്ഷാമം രൂക്ഷമായ മാസങ്ങളിൽ

ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് മെയിന്റൻസ് പ്രവൃത്തികൾ എല്ലാം തന്നെ (39എണ്ണം) കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. ഇവയിൽ ഭൂരിഭാഗവും സാമ്പത്തികവർഷത്തിന്റെ അവസാന മാസങ്ങളിലാണ് (ജനുവരി - മാർച്ച്) ചെയ്തിരിക്കുന്നത്. റോഡ് കോൺക്രീറ്റ് ചെയ്തശേഷം വെള്ളം ഉപയോഗിച്ച് cement concrete curing നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ജലക്ഷാമം അങ്ങേയറ്റം രൂക്ഷമായ ഗ്രാമപ്പഞ്ചായത്തിൽ ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ കുടിവെള്ളം പോലും ദുർലഭമാണ്. ജലക്ഷാമം അങ്ങേയറ്റം രൂക്ഷമായ പഞ്ചായത്തിന് വേണ്ടി വാട്ടർ അതോറിറ്റി നടപ്പാക്കുന്ന റാന്നി അങ്ങാടി-കൊറ്റനാട് കുടിവെള്ള പദ്ധതിയ്ക്ക് 25 കോടി രൂപ സർക്കാർ അനുവദിച്ചതായി 20.02.2019 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 5(1) നമ്പർ തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. ഈ സാഹചര്യത്തിൽ കടുത്ത വേനൽക്കാലമായ ജനുവരി-മാർച്ച് മാസങ്ങളിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്യുമ്പോൾ വെള്ളം ഉപയോഗിച്ച് cement concrete curing എന്നത് അപ്രായോഗികമാണെന്ന് വിലയിരുത്തുന്നു. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ജൂലൈ - നവംബർ കാലയളവിൽ ചെയ്യുന്നത് പ്രവൃത്തികൾ ഗുണനിലവാരത്തോടെ ചെയ്യുന്നതിന് സഹായകമാകും എന്ന് അഭിപ്രായപ്പെടുന്നു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ചെയ്ത പ്രവൃത്തികൾക്ക് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര്, കരാറുകാരൻ | പദ്ധതി അംഗീകാരം വാങ്ങിയ തീയതി | ടെണ്ടർ ചെയ്ത തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പ്രവൃത്തിമൂല്യം |
|---|---|---|---|---|---|
| 1 | മാത്തകം പൂവന്മല റോഡ് കോൺക്രീറ്റിംഗ് വാർഡ് 6<br>S030/19 (S068/18)<br>ജോൺസൺ വി.ജെ | 31.7.17 | 31.8.17 | 14.3.18 | 178643 |

| | | | | | |
|---|---|---|---|---|---|
| 2 | നടമലക്കുന്ന് മഠത്തുംചാൽ NSSUPS റോഡ് കോൺക്രീറ്റിംഗ് വാർഡ് 12<br>SO133/19 (SO78/18)<br>ജോൺ.സി.തോമസ് | 11.8.17 | 31.8.17 | 7.3.18 | 179269 |
| 3 | മഠത്തകം മാങ്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 6<br>SO131/19 (SO69/18)<br>ജോൺസൺ.വി.ജെ | 10.8.17 | 31.8.17 | 14.3.18 | 179572 |
| 4 | കൊച്ചുപുരക്കൽ മാമ്പറ്റ റോഡ് കോൺക്രീറ്റിംഗ് വാർഡ് 3<br>SO141/19 (SO174/18)<br>ഡേവിസ്.കെ.ചെറിയാൻ | 26.2.18 | 20.3.18 | 21.2.19 | 198125 |
| 5 | ചുട്ടമൺ-ആര്യാട്ട്പടി-പ്ലാന്തോട്ടത്തിൽപ്പടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 3<br>SO36/19<br>ജോൺ.സി.തോമസ് | 13.6.18 | 9.11.18 | 19.2.19 | 198145 |
| 6 | കൊച്ചുപുരക്കൽ മാമ്പറ്റ റോഡ് കോൺക്രീറ്റിംഗ് വാർഡ് 3 SO159/19<br>ഡേവിസ്.കെ.ചെറിയാൻ | 29.8.18 | 29.10.18 | 21.2.19 | 196865 |
| 7 | പുല്ലാഞ്ഞിത്തടം - പറമ്പിൽപ്പടി റോഡ് കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി<br>SO135/19<br>ഡേവിസ്.കെ.ചെറിയാൻ | 6.11.17 | 20.12.17 | 24.3.18 | 243429 |
| 8 | ഉള്ളമല-കാവുങ്കൽപ്പടി റോഡ് കോൺക്രീറ്റിംഗ്<br>SO29/19<br>ഡേവിസ്.കെ.ചെറിയാൻ | 28.6.18 | 29.10.18 | 6.2.19 | 198578 |
| 9 | കരിങ്കുറ്റിയിൽപ്പടി - ചിറക്കരോട്ട് പടി നടപ്പാത കോൺക്രീറ്റിംഗ്<br>ജോൺസൺ വി.ജെ | 16.6.18 | 12.1.19 | 11.3.19 | 222851 |

ഈ വിഷയം സംബന്ധിച്ച് 5.3.2020 ൽ 10 -ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അടുത്ത സാമ്പത്തിക വർഷം മുതൽ ഈ അപാകത ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ തുടർവർഷങ്ങളിൽ ഇപ്രകാരം ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ജലക്ഷാമം രൂക്ഷമായ അവസാന

മാസങ്ങളിൽ (ജനുവരി - മാർച്ച്) കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്യുന്ന സ്ഥിതിവിശേഷം ഒഴിവാക്കേണ്ടതും ഇതിനാവശ്യമായ ആസൂത്രണവും മോണിറ്ററിംഗും 2020-2021 ലെ പദ്ധതി നിർവ്വഹണം മുതൽ ഉണ്ടാകേണ്ടതുമാണ്.

## 1-22 തൻവർഷത്തെ ഫണ്ടിൽ നിന്നും 24 ലക്ഷം രൂപ സ്പിൽ ഓവർ പ്രവൃത്തികൾക്ക് വിനിയോഗിച്ചു

ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ നിർവ്വഹിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ താഴെപ്പറയുന്നവ സ്പിൽ ഓവർ പ്രവൃത്തികൾ ആണ്. 2017-18 ൽ യഥാസമയം ടി പ്രവൃത്തികൾ ടെണ്ടർ ചെയ്യാഞ്ഞതിനാൽ അവ ആ സാമ്പത്തിക വർഷത്തിന്റെ അവസാനം കരാർ ഏൽപിക്കുകയും 2018-19 ൽ സ്പിൽ ഓവർ ആയി നിർവ്വഹണം നടത്തുകയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, അടങ്കൽ, പദ്ധതി അംഗീകാരം വാങ്ങിയ തീയതി | എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവൃത്തിസ്ഥലം കൈമാറിയ തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പ്രവൃത്തിമൂല്യം | പ്രതിഫലത്തുക നൽകിയ തീയതി |
|---|---|---|---|---|---|
| 1 | റോഡ് കോൺക്രീറ്റിംഗ് കൊച്ചുപുരയ്ക്കൽ -മാമ്പറ്റപ്പടി (വാർഡ് 3) 200000 SO174/18 (SO141/19) ഡേവിസ്.കെ.ചെറിയാൻ 26.2.2018 | 31.3.18 | 21.2.19 | 198125 | 14.3.19 |
| 2 | മഠത്തകം-മാങ്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് 200000 SO69/18 (SO131/19) ജോൺസൺ വി.ജെ 10.8.2017 | 6.10.17 | 14.3.18 | 179572 | 19.5.18 |
| 3 | മഠത്തകം - പൂവന്മല റോഡ് കോൺക്രീറ്റിംഗ് 200000 SO130/19 ജോൺസൺ വി.ജെ 31.7.2017 | 6.10.17 | 14.3.18 | 178643 | 19.5.18 |
| 4 | അരയൂഴം - വൃന്ദാവനം എസ്.ബി.ഐ റോഡ് മെയിന്റനൻസ് SO71/18 (SO132/19) 234974 | 10.11.17 | 3.12.18 | 234762 | 14.1.19 |

| | | | | | |
|---|---|---|---|---|---|
| | ഹരിലാൽ.പി.ജെ<br>22.8.17 | | | | |
| 5 | നടമലക്കുന്ന് -<br>മഠത്തുംചാൽ NSS UPS<br>റോഡ് കോൺക്രീറ്റിംഗ്<br>200000<br>SO78/18 (SO133/19)<br>ജോൺ.സി.തോമസ്<br>11.8.17 | 6.10.17 | 7.3.18 | 179269 | 19.5.18 |
| 6 | ആടിയാനി - കാക്കമല<br>റോഡ് മെയിന്റനൻസ്<br>300000<br>SO87/18<br>ഹരിലാൽ.പി.ജെ<br>18.9.17 | 10.11.17 | 3.12.18 | 269207 | 14.1.19 |
| 7 | പുല്ലാഞ്ഞിത്തടം -<br>പറമ്പിൽപ്പടി റോഡ്<br>കോൺക്രീറ്റിംഗ്,<br>സംരക്ഷണഭിത്തി<br>260000 SO92/18<br>(SO135/19)<br>ഡേവിസ്.കെ.ചെറിയാൻ<br>6.11.17 | 5.1.2018 | 24.3.18 | 243429 | 19.5.18 |
| 8 | അത്യാൽ കുടുംബക്ഷേമ<br>ഉപകേന്ദ്രം കെട്ടിട<br>മെയിന്റനൻസ്<br>410800 SO104/18<br>(SO139/19)<br>ഫിലിപ് തോമസ്<br>17.10.17 | 8.11.17 | 16.4.18 | 293087 | 30.1.19 |
| 9 | കൃഷിഭവൻ<br>മെയിന്റനൻസ്<br>400000 SO96/18<br>28.9.17<br>ജോൺസൺ.വി.ജെ | 15.11.17 | 14.3.19 | 345830 | 16.5.18,<br>27.3.19 |
| 10 | വൃന്ദാവനം തേരകക്കുഴി<br>ചേറ്റുതടം റോഡ് | 31.3.18 | 28.12.18 | 251761 | 7.2.19 |

| | | | | | |
|---|---|---|---|---|---|
| | സംരക്ഷണഭിത്തി, ഐറിഷ് ഡ്രെയിൻ 255495 S0175/18 26.2.18 | | | | |
| ആകെ | | | | 2373685 | |

ഈ വിഷയം സംബന്ധിച്ച് 5.3.2020 ൽ 9 -ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയിലെ പിഴവ് മൂലമാണ് 2017-18 ൽ അംഗീകാരം വാങ്ങിയ പദ്ധതികൾ യഥാസമയം നടപ്പാക്കി ആ വർഷത്തെ പദ്ധതി വിഹിതം വിനിയോഗിക്കാൻ കഴിയാതെ വന്നത്. അതിന്റെ ഫലമായി 2018-19 ൽ നടപ്പാക്കേണ്ട പദ്ധതികൾക്കുള്ള വിഹിതത്തിൽ നിന്നും 23.7 ലക്ഷം രൂപ മുൻവർഷത്തെ പ്രവൃത്തികൾക്ക് വേണ്ടി വിനിയോഗിക്കേണ്ടി വന്നു. 2017-18 ൽ ലഭ്യമായ പദ്ധതിവിഹിതം നഷ്ടപ്പെടുത്തിയശേഷമാണ് ഇവ 2018-19 ൽ നടപ്പാക്കിയത്. പഞ്ചായത്തിന്റെ തനതുഫണ്ട് നീക്കിയിരിപ്പ് നെഗറ്റീവ് ആണ് എന്നതും ലഭിക്കുന്ന പദ്ധതിവിഹിതം താരതമേന്യ കുറവാണ് എന്നതും കണക്കിലെടുക്കുമ്പോൾ ഇപ്രകാരം സ്പിൽ ഓവർ ബാധ്യത വരുത്തി വയ്ക്കുന്നത് അഭിലഷണീയമല്ല. നടപ്പ് വർഷം മുതൽ ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾക്കായി പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 പാലിന് സബ്സിഡി - കർഷകർക്ക് മുഴുവൻ തുകയും നൽകിയില്ല

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥ ആയി 12 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പദ്ധതി അംഗീകാരം വാങ്ങിയിരുന്നു. വികസന ഫണ്ട് 50000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1050000 രൂപ, ജില്ലാപ്പഞ്ചായത്ത് വിഹിതം 1 ലക്ഷം രൂപ എന്നിവ ആണ് അടങ്കലിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ വകയിരുത്തിയ ജില്ലാപ്പഞ്ചായത്ത് വിഹിതം ഗ്രാമപ്പഞ്ചായത്തിന് ലഭിക്കുകയുണ്ടായില്ല. വിവിധ ക്ഷീരോത്പാദക സഹകരണസംഘങ്ങളിൽ പാൽ വിൽപന നടത്തുന്ന കർഷകർക്ക് സബ്സിഡി ആയി 11 ലക്ഷം രൂപ പദ്ധതി പ്രകാരം ചെലവഴിച്ചു.

ജില്ലാപ്പഞ്ചായത്ത് വിഹിതം ഇനത്തിലുള്ള 1 ലക്ഷം രൂപ ലഭിക്കാഞ്ഞതിനാൽ ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള മുക്കുഴി ക്ഷീരോത്പാദക സഹകരണസംഘം മുഖേന പാൽ വിൽപന നടത്തിയിരുന്ന 22 ക്ഷീരകർഷകർക്ക് 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ സബ്സിഡി മാത്രമാണ് നൽകാൻ കഴിഞ്ഞത്. 2018 ഏപ്രിൽ മുതൽ 2019 ജനുവരി വരെ കാലയളവിലെ സബ്സിഡി ടി കർഷകർക്ക് നൽകാൻ കഴിഞ്ഞില്ല. ഇക്കാര്യം അറിയിച്ച് 2.5.2019 ൽ നിർവ്വഹണ ഉദ്യോഗസ്ഥ സെക്രട്ടറിക്ക് നൽകിയ കത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിന് 55907 രൂപയാണ് ആവശ്യമുള്ളത് എന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതനുസരിച്ച് അടങ്കലിൽ വർദ്ധനവ് വരുത്തി പദ്ധതി പുതുക്കി അംഗീകാരം വാങ്ങാഞ്ഞതിനാൽ കർഷകർക്ക് ടി സബ്സിഡി നൽകാൻ ഇതേവരെ കഴിഞ്ഞിട്ടില്ല.

അടങ്കലിൽ ആവശ്യമായ വർദ്ധനവ് വരുത്തി അടിയന്തിരമായി 2019 -2020 ലെ പദ്ധതി പുതുക്കി അംഗീകാരം വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതിനും ക്ഷീരകർഷകർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിനും പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 വാർഷിക പദ്ധതിയിൽ കാർഷിക മേഖലയെ അവഗണിക്കുന്നു

പഞ്ചായത്ത് രാജ് ആക്ടിലെ 3-ാം പട്ടികയിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. അതു പ്രകാരം ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടി ആയിരിക്കണം വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. എന്നാൽ വിവിധ വിഷയ മേഖലകളിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പൂർണ്ണമായും വിജയിച്ചിട്ടില്ല. ഉദാഹരണമായി അടിസ്ഥാന മേഖലയായ കാർഷിക മേഖലയിൽ മതിയായ ഫണ്ട് വകയിരുത്തലോ, സമഗ്ര വികസന കാഴ്ചപ്പാടിൽ ഊന്നിയ പ്രോജക്ടുകളോ ഇല്ല.
കാർഷിക മേഖലയിലെ പ്രോജക്ടുകൾ സംയോജിത നീർത്തട പരിപാലന സമീപനത്തിലുള്ളവയായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. അതുപോലെതന്നെ ഒരു നിശ്ചിത കാലയളവിൽ ഭക്ഷ്യോൽപ്പാദനത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയണമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരിഗണിച്ചുകൊണ്ടായിരിക്കണം കാർഷിക മേഖലയുടെ സമഗ്ര പരിപാടിക്ക് രൂപം നൽകേണ്ടതെന്നും, കാർഷിക വികസന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്താൻ വേണ്ട ഇടപെടൽ വർക്കിംഗ് ഗ്രൂപ്പ് നടത്തണമെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾ എല്ലാം ഗ്രാമപഞ്ചായത്ത് പാടെ അവഗണിച്ചു. കാർഷിക മേഖലയിലെ ഫണ്ട് വകയിരുത്തൽ നാമമാത്രമായിരുന്നു. സമഗ്ര പുരയിടകൃഷി വികസനം എന്ന ഒരു പദ്ധതി മാത്രമാണ് 2018-19 ൽ കാർഷിക മേഖലയിൽ രൂപീകരിച്ച് നടപ്പിലാക്കിയത്. 400000 രൂപ അടങ്കൽ വകയിരുത്തിയ ഈ പദ്ധതിയുടെ ചെലവ് 236250 രൂപ മാത്രമാണ്. ഓഡിറ്റ് വർഷത്തെ മൊത്തം പദ്ധതി അടങ്കലിന്റെ 0.75% തുക മാത്രമാണ് കാർഷിക മേഖലയ്ക്കായി ഗ്രാമപഞ്ചായത്ത് വകയിരുത്തിയിരുന്നത്. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനോ മറ്റ് ഭക്ഷ്യ വിളകളുടെ വിള വിസ്തൃതിയും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനോ യാതൊരു പദ്ധതികളും ഏറ്റെടുക്കാതിരുന്നത് കാർഷിക മേഖലയോടും കർഷകരോടുമുള്ള തികഞ്ഞ അവഗണനയായി ഓഡിറ്റ് വിലയിരുത്തുന്നു. വരും വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി വാർഷിക പദ്ധതികൾ രൂപീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കുടിവെള്ളക്ഷാമം അതിരൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികൾ പ്രകാരമോ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയോ വ്യക്തിഗത ഗുണഭോക്താക്കൾക്ക് കിണർ റീചാർജിംഗിനായി പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. കുടിവെള്ളക്ഷാമം അങ്ങേയറ്റം രൂക്ഷമായ ഗ്രാമപ്പഞ്ചായത്തിൽ കിണർ റീചാർജിംഗ് പ്രവൃത്തികൾ നടപ്പാക്കേണ്ടത് അവശ്യമാണെന്നിരിക്കെ, തനത്

വർഷവും പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല. ഈ വിഷയം സംബന്ധിച്ച് 5.3.2020 ൽ 11-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അടുത്ത വർഷം (2020-2021) മുതൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഇത്തരം പ്രവൃത്തികൾ നടപ്പാക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.

വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കിണർ റീചാർജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാം എന്ന് 14.2.2018 ലെ സ.ഉ(കൈ)22/2018/തസ്വഭവ നമ്പർ ആയുള്ള സബ്സിഡി മാർഗ്ഗരേഖയിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ് എന്ന് 29.1.2018 ലെ സ.ഉ(കൈ) 11/2018/തസ്വഭവ നമ്പർ ആയി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലൂടെ സർക്കാർ നിഷ്കർഷിച്ചിട്ടുമുണ്ട്. പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത ഉത്തരവുകൾക്കനുസൃതമായി കിണർ റീചാർജിംഗ് വ്യാപകമായി നടപ്പാക്കുന്നതിന് അടിയന്തിര നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-26 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-തനത് ഫണ്ട് ചോർത്തുന്നു

തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് 43858 രൂപയാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം പ്രോജക്ട് നം.42/17-18 പ്രകാരം 678400 രൂപ KSEB, റാന്നി സൗത്ത് സെക്ഷനിൽ ഒടുക്കിയിട്ടുണ്ട്. പക്ഷേ തെരുവു വിളക്കുകളുടെ മീറ്ററിംഗ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് നിബന്ധനകൾ എഴുതിച്ചേർത്തിട്ടില്ല. നിലവിൽ ഇല്ലാത്ത വിളക്കുകളുടെ ചാർജാണ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. കെ.എസ്.ഇ.ബി റാന്നി സൗത്ത് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ ചാർജ് ഷീറ്റ് പരിശോധിച്ചതിൽ അൺമീറ്റേർഡ് ലൈറ്റുകളുടെ നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കിന്റെ ഇനം | വാട്ട് | എണ്ണം | നിരക്ക് | പ്രതിമാസ നിരക്ക് |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 344 | 73 | 25112 |
| ഓർഡിനറി ബൾബ് | 60 | 7 | 112 | 784 |
| ഓർഡിനറി ബൾബ് | 100 | 1 | 184 | 184 |
| ഫ്ലൂറസെന്റ് ട്യൂബ് | 60 | 14 | 147 | 2058 |
| ഫ്ലൂറസെന്റ് ട്യൂബ് | 40 | 17 | 73 | 1241 |
| സി.എഫ്.എൽ | 11 | 19 | 18 | 342 |
| സോഡിയം വേപ്പർ ലാംപ് | 250 | 2 | 492 | 984 |
| ഫ്ലോറോ ട്യൂബ് | 40 | 14 | 73 | 511 |
| | | | | |

| | | | | |
|---|---|---|---|---|
| ഡബിൾ ട്യൂബ് | 40 | 3 | 147 | 441 |
| ഡബിൾ ട്യൂബ് | 60 | 83 | 147 | 12201 |
| ആകെ | | | | 43858 |

ഗ്രാമപഞ്ചായത്ത് വർഷങ്ങളായി ഓർഡിനറി ബൾബുകളോ സോഡിയം വേപ്പർ ലാമ്പുകളോ വാങ്ങുന്നില്ല. പകരം ഫ്ലൂറസെന്റ് ട്യൂബ്, എൽ.ഇ.ഡി വിളക്കുകൾ എന്നിവയാണ് വാങ്ങുന്നത്. ഉപയോഗത്തിലില്ലാത്ത വിളക്കുകളുടെ വൈദ്യുതി ചാർജാണ് ഗ്രാമപഞ്ചായത്ത് നിലവിൽ ഒടുക്കുന്നത് എന്ന് ഇത് വ്യക്തമാക്കുന്നു. മീറ്റർ സ്ഥാപിക്കുവാൻ തുക ഡെപ്പോസിറ്റ് ചെയ്ത് രണ്ട് വർഷം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. ഇത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വൈദ്യുതി വിളക്കുകളിന്മേൽ സംയുക്തപരിശോധന നടത്തുന്നതിനും മീറ്ററിംഗ് സംവിധാനം പൂർത്തിയാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

ഓഡിറ്റ് വർഷത്തിൽ പെയ്ൻ & പാലിയേറ്റീവ് കെയർ പദ്ധതി, പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ എന്നീ പദ്ധതികൾ പ്രകാരം മരുന്ന ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എൽ ന് മുൻകൂർ തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ബിൽ നം/ ചെക്ക് നം., തീയതി | നൽകിയ തുക | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| 1 | 13/19- പെയ്ൻ &പാലിയേറ്റീവ് കെയർ പദ്ധതി (സാന്ത്വനം) | 1440303/ 22.03.2019 | 48192 | 19028 |
| | | 16/18-19- 20.10.18 | 73352 | 3513 |

പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബികളായ രോഗികൾക്ക് മരുന്ന് സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഭരണസമിതിയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പാക്കേണ്ടതും ആയത് ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 അഗതി രഹിത കേരളം- പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ വീഴ്ച

അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളേയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായുള്ള അഗതി രഹിത കേരളം എന്ന ഏകീകൃത പദ്ധതി നടപ്പാക്കുന്നതിനായി കൊറ്റനാട് ഗ്രാമപഞ്ചായത്തിന് കെ.എസ്./എൽ/13100/2018 തീയതി.10.03.19 പ്രകാരം സർക്കാർ അനുമതി ലഭിച്ചിരുന്നു. 443 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്ന കർമ്മ പദ്ധതിയുടെ ധന വിനിയോഗം ചുവടെ ചേർക്കും പ്രകാരമാണ് വിഭാവനം ചെയ്തിരുന്നത്.

| സേവനങ്ങൾ | ഇനം | വകയിരുത്തിയ തുക |
|---|---|---|
| | ഭക്ഷണം | 3690000 |
| | | |

| | | |
|---|---|---|
| | മരുന്ന് | 354600 |
| | പാർപ്പിടം | 13600000 |
| | കുടിവെള്ളം | 730000 |
| | വിദ്യാഭ്യാസം | 139500 |
| | ഹൗസ് മെയിന്റനൻസ് | 8550000 |
| | ജോബ്/ സ്കിൽ ട്രെയിനിംഗ് | 15000 |
| | കൗൺസിലിംങ്ങ് | 15000 |
| | മെഡിക്കൽ ക്യാമ്പ് | 15000 |
| | മിസലേനിയസ് | 45000 |
| | റിസർവ് ഫണ്ട് | 25000 |
| ആകെ | | 27179100 |

പ്രസ്തുത പരിചരണ പാക്കേജിൻ പ്രകാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം വിവിധ സോഴ്സുകളിൽ നിന്നും ഫണ്ട് കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

| | |
|---|---|
| ചലഞ്ച് ഫണ്ട് | 3996200 |
| പ്ലാൻ ഫണ്ട് | 8595300 |
| ഇതര ഫണ്ടുകൾ | 14117600 |
| വിവിധ വകുപ്പുകളുടെ ഫണ്ടുകൾ | 470000 |
| ആകെ | 27179100 |

2018-19 സാമ്പത്തിക വർഷാവസാനമാണ് പദ്ധതിയ്ക്ക് അനുമതി ലഭിച്ചത്. തൻവർഷം ഭക്ഷണ വിതരണ ഇനത്തിൽ 226428 രൂപ മാത്രമാണ് ചെലവുള്ളത്. 2019-20 ലും പദ്ധതി വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനോ ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനോ സാധിച്ചിട്ടില്ല. 2019-20ൽ ഭക്ഷണ വിതരണവും 2 പേർക്ക് പാർപ്പിടവും നിർമ്മിച്ചു നൽകുന്നതിനു മാത്രമേ സാധിച്ചിട്ടുള്ളൂ. പാർപ്പിടം നിർമ്മിച്ചു നൽകുന്നതിന് 36 ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നെങ്കിലും 2 പേർക്ക് ലൈഫ് ഭവന പദ്ധതിയിൽ പാർപ്പിടം ലഭിച്ചതിനാൽ നിലവിൽ 34 ഗുണഭോക്താക്കളാണുള്ളത്. ബാക്കി നിൽക്കുന്ന 32 ഗുണഭോക്താക്കൾക്ക് പാർപ്പിടം നിർമ്മിച്ചു നൽകുവാൻ നിലവിലെ നിരക്കിൽ ഗുണഭോക്താവ് ഒന്നിന് 400000 രൂപ വെച്ച് 12800000 രൂപ വേണ്ടിവരും. ഈ തുക ജില്ലാപ്പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, MLA / MP ഫണ്ട് എന്നിവയിൽ നിന്ന് കണ്ടെത്തുന്നതിന് ഉള്ള ക്രിയാത്മകമായ ശ്രമങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. അവശ്യ സേവനങ്ങളായ മരുന്ന് വിതരണം, കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, ഭവന പുനരുദ്ധാരണം എന്നിവ ഏറ്റെടുക്കുന്നതിന് സാധിച്ചിട്ടില്ല. 2019-20 ൽ ചലഞ്ച് ഫണ്ട് ഇനത്തിൽ 977467 രൂപയും പ്ലാൻ ഫണ്ട് ഇനത്തിൽ 1465856 രൂപയും സമാഹരിക്കുന്നതിനേ

സാധിച്ചിട്ടുള്ളൂ. പദ്ധതി നിർവ്വഹണത്തിന് ഓരോ പ്രവൃത്തിക്കും പ്രത്യേകമായി ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കേണ്ടതും അതിൻ പ്രകാരം അഗതി പുനരധിവാസ പ്രവർത്തനം ക്രമീകരിക്കേണ്ടതുമാണെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

## 1-29 ഹരിതകർമ്മ സേന - പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

സ.ഉ(സാധാ)നം 2420/2017/ത.സ്വ.ഭ.വ തീയതി 15.07.2017 പ്രകാരം ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ മേൽ നിർദ്ദേശങ്ങൾ പ്രകാരം ഹരിതകർമ്മ സേന രൂപീകരിച്ച് ജൈവ, അജൈവ മാലിന്യ സംസ്കരണം പ്രായോഗികമായി നടപ്പാക്കുന്നതിൽ പഞ്ചായത്ത് പുരോഗതി കൈവരിച്ചിട്ടില്ല. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ പ്രാഥമിക ഘട്ടത്തിലാണ്. യൂസർ ഫീ തുക (വീടൊന്നിന് 60 രൂപ) നിശ്ചയിച്ച് നൽകിയിട്ടുണ്ടെങ്കിലും തുക നൽകുന്ന കാര്യത്തിൽ പൊതുജനങ്ങളിൽ നിന്ന് എതിർപ്പ് ഉണ്ടായതായി മിനിട്സ് പരിശോധിച്ചതിൽ വ്യക്തമായി. ശേഖരിച്ച മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനായി MCF സൗകര്യങ്ങൾ പൂർണ്ണസജ്ജമാക്കിയിട്ടില്ല. അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിച്ച് MCF ൽ എത്തിക്കാനുള്ള വാഹനസൗകര്യവും ചെലവും കണ്ടെത്തുന്നതു സംബന്ധിച്ചും വ്യക്തമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. ശേഖരിക്കുന്ന സാധനങ്ങൾ ഏറ്റുവാങ്ങുന്നതിനുള്ള ഉറപ്പും പഞ്ചായത്തിന് ലഭിച്ചിട്ടില്ലാത്തതും പ്രശ്നമായി നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ ഹരിതസഹായസ്ഥാപനത്തിനുള്ള കൺസൾട്ടേഷൻ ഫീസ് ഈ പ്രശ്നങ്ങൾ പരിഹരിച്ചശേഷം നൽകിയാൽ മതിയെന്നാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളത്. ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും മാലിന്യ സംസ്കരണം പ്രായോഗികമായി പഞ്ചായത്ത് പ്രദേശത്ത് നടപ്പിൽ വരുത്തുന്നതിന് വേണ്ട ത്വരിത നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-30 നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

താഴെ പറയുന്ന നിർവഹണ ഏജൻസികൾ മുഖേന വിവിധ പ്രവൃത്തികൾ നടത്തുന്നതിന് 2017-18 മുതൽ 2019-20 വരെ വർഷങ്ങളിലായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ അവ നാളിതുവരെ പൂർത്തീകരിച്ചതിന്റെ രേഖകൾ സ്ഥാപനങ്ങളിൽനിന്ന് ഇതേവരെ ലഭ്യമാക്കിയിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി, റാന്നി സൗത്ത് സെക്ഷൻ | വൃന്ദാവനം തേക്കുംകുഴി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21700747 | 13.03.18 | 133920 | ഇല്ല | 133920 |
| -ടി- | അത്യാൽ-അരയാലുങ്കൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21700748 | 13.03.18 | 78000 | ഇല്ല | 78000 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| -ടി- | പുത്തൂർമുക്ക്- അരീക്കൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21700749 | 13.03.18 | 85680 | ഇല്ല | 85680 |
| | സ്റ്റേഡിയം-പൂക്കകവല വെള്ളയിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21700750 | 13.03.18 | 85680 | ഇല്ല | 85680 |
| -ടി- | ചാലാപ്പള്ളി-നടമലക്കുന്ന് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21700751 | 13.03.18 | 24000 | ഇല്ല | 24000 |
| -ടി- | പുന്ന നിൽക്കും തിരിവ് അടിയാനി സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21700752 | 13.03.18 | 24000 | ഇല്ല | 24000 |
| -ടി- | പൊറോട്ടാ മുക്ക്-കുരിശുമുട്ടം സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21700753 | 13.03.18 | 57120 | ഇല്ല | 57120 |
| -ടി- | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 21700977 | 06.03.2018 | 678400 | ഇല്ല | 678400 |
| -ടി- | പഞ്ചായത്തിലെ 1,2,4, 5,12,13 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21900263 | 19.07.2019 | 324500 | ഇല്ല | 324500 |
| കെ.എസ്.ഇ.ബി വായ്പൂർ സെക്ഷൻ | പഞ്ചായത്തിലെ 1,2,12,13 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21900611 | 14.11.2019 | 401200 | ഇല്ല | 401200 |
| കെ.എസ്.ഇ.ബി, റാന്നി സൗത്ത് സെക്ഷൻ | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21900857 | 20.01.2020 | 432988 | ഇല്ല | 432988 |
| കേരള വാട്ടർ അതോരിറ്റി | നടയ്ക്കൽ ഭൂരഹിത കോളനി പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) | 21800792 | 26.01.2019 | 50000 | ഇല്ല | 50000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, പത്തനംതിട്ട | കുരിശുമുട്ടം-അംബേദ്കർ കോളനി പൈപ്പ് ലൈൻ നീട്ടൽ | 21700962 | 06.03.2018 | 400000 | ഇല്ല | 400000 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, പത്തനംതിട്ട | വട്ടക്കുന്ന് കോളനി കുടിവെള്ള പദ്ധതി | 21700988 | 23.03.18 | 444000 | ഇല്ല | 444000 |
| -ടി- | വിവിധ അങ്കണവാടികളിൽ കുഴൽക്കിണർ നിർമ്മാണം | 21800801 | 08.11.2018 | 333375 | ഇല്ല | 333375 |
| -ടി- | അരണത്തടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21800780 | 21.12.2018 | 58000 | ഇല്ല | 58000 |
| | 8,9,10,12 വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 21800108 | 07.01.2019 | 209147 | ഇല്ല | 209147 |
| | വിവിധ അങ്കണവാടികളിലേക്ക് പൈപ്പ് കണക്ഷൻ | 21900892 | 23.01.2020 | 474000 | ഇല്ല | 474000 |

മേൽ സൂചിപ്പിച്ച ഡെപ്പോസിറ്റ് പ്രവർത്തികൾ നിർവ്വഹിച്ചതിന്റെ വിശദമായ രേഖകൾ (വർക്ക് ബില്ലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ) വാങ്ങി അവയുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്. പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം ഡെപ്പോസിറ്റ് തുകയിൽ മിച്ചമുള്ള പക്ഷം അവ നിർവ്വഹണ ഏജൻസികളിൽ നിന്ന് തിരികെ വാങ്ങേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.06.19 – 12.06.19 | കെ.എസ്.എ.പി.റ്റി.എ പി1.602(3)/19 തീയതി 09.07.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 142856 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 142800 | 56 |
| ജില്ലാപ്പഞ്ചായത്ത് | 2018-19 | 245238 | ലൈഫ് മിഷൻ - പാർപ്പിടം | 245140 | 98 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1050000 | പാലിന് സബ്സിഡി | 1050000 | ഇല്ല |
| -ടി | 2018-19 | 35714 | അംഗൻവാടികളിൽ പാവക്കൂട് | 35714 | ഇല്ല |
| -ടി- | 2018-19 | 1220603 | ലൈഫ് മിഷൻ - പാർപ്പിടം | 1220000 | 603 |
| -ടി- | -ടി- | 380000 | ആശ്രയ പദ്ധതി | 380000 | ഇല്ല |
| -ടി- | -ടി- | 400000 | കുമ്പളന്താനം എൽ.പി.എസ് - ചെമ്പകശ്ശേരി റോഡ് കോൺക്രീറ്റിംഗ് | 400000 | ഇല്ല |
| റാന്നി അങ്ങാടി പഞ്ചായത്ത് | 2018-19 | 1000000 | റാന്നി അങ്ങാടി - കൊറ്റനാട് കുടിവെള്ള പദ്ധതി | 1000000 | ഇല്ല |
| ജില്ലാപ്പഞ്ചായത്ത് | -ടി- | 50000 | പാലിയേറ്റിവ് പരിചരണം | 50000 | ഇല്ല |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള | നടക്കൽ ഭ്രരഹിത കോളനി | 21800792 | 50000 | ഇല്ല | 50000 |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (SCP) | / 26.1.19 | | | |
| ഭൂജല വകുപ്പ് | കുഴൽക്കിണർ നിർമ്മാണം - അംഗൻവാടി നമ്പർ 116,104,109,111,114 | 21800801 / 8.11.18 | 333375 | ഇല്ല | 333375 |
| -ടി- | അരണത്തടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21800780 / 21.12.18 | 58000 | ഇല്ല | 58000 |
| -ടി- | -ടി- | -ടി- | 280000 | ഇല്ല | 280000 |
| -ടി- | കുഴൽക്കിണർ നിർമ്മാണം - വാർഡ് 8,9,10,12 | 21800108 / 7.1.19 | 209147 | ഇല്ല | 209147 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് തുകയുടെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാ) നം.961/2010 തസ്വഭവ തീയതി 20.03.10 | 6830000 | 10 | ഇല്ല | ഇല്ല | 10 |
| ലൈഫ് ഭവന നിർമ്മാണം KURDFC വായ്പ | ലഭ്യമാക്കിയില്ല | 682203 | 0 | ഇല്ല | ഇല്ല | 682203 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 29 | 2003-04 | 105 | വനിതകൾക്ക് തയ്യൽ യൂണിറ്റ് | അവശേഷിച്ച തയ്യൽ മെഷീനുകൾ മറ്റ് വാർഡുകളിലേക്ക് കൈമാറിയതായി നിയമസഭാ സമിതിയെ അറിയിച്ചിട്ടുണ്ട്. |
| 1999-2000 | 30 | 2003-04 | 105 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തിയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | കമ്പ്യൂട്ടർ പരിശീലന സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി സമർപ്പിച്ചിട്ടുണ്ട് |
| 2016-17 | 2-1 | 2017-18 | 5 | PWD റോഡിന്റെ അതിര് നിർണ്ണയിക്കാതെയും കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പാലിക്കാതെയും നിർമ്മിച്ച ഇരുനില വാണിജ്യക്കെട്ടിടത്തിന് പെർമിറ്റും കെട്ടിടനമ്പരും അനുവദിച്ച | കെട്ടിടങ്ങളുടെ നമ്പരുകൾ റദ്ദ് ചെയ്തുകൊണ്ട് 29.1.2020 ൽ താൽക്കാലിക ഉത്തരവ് നൽകിയിട്ടുള്ളതാണ്. നിലവിൽ 2017-18 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5 പ്രകാരം ഈ പരാമർശത്തിന്മേൽ വകുപ്പുതല അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 52013496 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45584338 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം :**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ. പി.2-23/98/ 2.2.99/5-2-2000 | 1 |

| | | |
|---|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4-288/03/ 6.8.2003/28.11.2003 | 2 |
| 1997-98 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4/288/03 6.8.2004/28.11.2004 | |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ. പി.5/248/06 9.11.2006/12.11.2007 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4-223/2003 3.3.2003/5.6.2003 | 4 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി.4.127/2004 15.05.2004/19.07.2004 | 1 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി.4-126/04 15.05.2004/19.07.2004 | 4 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.5/726/07 10.10.2007 | 9 |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി.8/205/2010 4.10.2010/29.07.2011 | 9 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി.7/901/11 14.05.2014 | മുഴവൻ ഖണ്ഡികകളും |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി.7/896/2011 7.12.2011/20.11.2012 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി.7/452/2012 19.07.2012/14.05.2014 | മുഴവൻ ഖണ്ഡികകളും |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി.7/453/2012 19.07.2012/6.3.2013 | മുഴവൻ ഖണ്ഡികകളും |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി.7/454/2012 19.07.2012/6.3.2013 | മുഴവൻ ഖണ്ഡികകളും |
| 2009-10 | എൽ.എഫ്.പി.റ്റി.എ. പി.7/455/2012 19.07.2012/6.3.2013 | മുഴവൻ ഖണ്ഡികകളും |
| 2010-11 | എൽ.എഫ്.പി.റ്റി.എ. പി.7/456/2012 19.07.2012/6.3.2013 | മുഴവൻ ഖണ്ഡികകളും |
| 2011-12& 2012-13 | എൽ.എഫ്.പി.റ്റി.എ. പി7/33/2014 24-04-14/13-05-14 | മുഴവൻ ഖണ്ഡികകളും |
| 2013-14 | എൽ.എഫ്.പി.റ്റി.എ. പി8/536/2015 01-07-2015 | മുഴവൻ ഖണ്ഡികകളും |
| | | |

| | | |
|---|---|---|
| 2014-15 | എൽ.എഫ്.പി.റ്റി.എ. പി7/698/2016 22-06-2016 | മുഴുവൻ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി 7/1382/16 , 03-01-2017 | മുഴുവൻ ഖണ്ഡികകളും |
| 206-17 | കെ.എസ്.എ.പി.റ്റി.എ പി 7/1181/17 , 04.11-2017 | മുഴുവൻ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി 7/1629/18/ 14.1.2019 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# Annexure -1 Audit Certificate

No.KSA.PTA.P7/202/2020 Date : 10/03/2020

Certified that I have examined the Annual Financial Statement of **Kottanad Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kottanad Grama Panchayat** for the year 2018-19 except the observations in para 1-11 of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Pathanamthitta

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി.7/202/2020 തീയതി: 10/03/2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 1-11 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കൊറ്റനാട് ഗ്രാമപ്പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**